(ഇ) 1989-ലെ അന്തർ സംസ്ഥാന കരാറിൽ ഉൾപ്പെട്ട റൂട്ടാണ് ഈരാറ്റുപേട്ട-തിരുനെൽവേലി. പ്രസ്തുത കരാർ റദ്ദ് ചെയ്തതിനാൽ ഈ സർവ്വീസ് പുനഃസ്ഥാപിക്കാൻ കഴിയില്ല.

(എഫ്) ഇപ്പോൾ ലഭ്യമല്ല.

നെയ്യാറ്റിൻകര-പയ്യാമ്പലം സൂപ്പർഫാസ്റ്റ് ബസ് സർവ്വീസ് നിറുത്തലാക്കുവാനുണ്ടായ കാരണം

102 [2229] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ നിന്നും കണ്ണൂരിലെ പയ്യാമ്പലത്തേക്ക് വളരെക്കാലമായി നിലവിലുണ്ടായിരുന്ന നെയ്യാറ്റിൻകര-പയ്യാമ്പലം സൂപ്പർഫാസ്റ്റ് ബസ് സർവ്വീസ് എന്ന് മുതലാണ് നിറുത്തലാക്കിയത്;

(ബി) ഇതിന്റെ കാരണമെന്തെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ ആന്റ് ബി) ഈ സർവ്വീസ് പൂർണ്ണമായും നിർത്തലാക്കിയിട്ടില്ല. നെയ്യാറ്റിൻകര-പയ്യാമ്പലം സർവ്വീസ് ഇപ്പോൾ നെയ്യാറ്റിൻകര-കോഴിക്കോട് ആയി ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കോഴിക്കോട്-പയ്യാമ്പലം സെക്ടറിലെ വരുമാനം തീരെ കുറവായതിനാലാണ് ഇപ്രകാരം പുനഃക്രമീകരണം വേണ്ടിവന്നത്.

ഡീസലിന്റെ വിലവർദ്ധനമൂലം കെ.എസ്.ആർ.ടി.സി.-യ്ക്ക് ഉണ്ടായ ബാദ്ധ്യത

103 [2230] ശ്രീ. എ. കെ. ബാലൻ:

" എം. വി. ഗോവിന്ദൻ മാസ്റ്റർ:

" സാജു പോൾ:

" കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡീസലിന്റെ വില വർദ്ധനമൂലം കെ.എസ്.ആർ.ടി.സി.-യ്ക്ക് ഉണ്ടായ അധിക ബാദ്ധ്യത സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) മുൻവർഷം ഡീസൽ ചാർജ്ജ് വർദ്ധനമൂലം കെ.എസ്.ആർ.ടി.സി. ബസ്സ് ചാർജ്ജ് വർദ്ധിപ്പിച്ചപ്പോൾ പ്രതീക്ഷിച്ചതര അധിക വരുമാനം ലഭിച്ചിരുന്നോ എന്നറിയിക്കാമോ;

(സി) യാത്രക്കാരുടെ മേൽ അധിക ചാർജ് ചുമത്താതെ സർക്കാരിന് ലഭിക്കുന്ന അധിക വരുമാനത്തിൽനിന്നും കെ.എസ്.ആർ.ടി.സി.-യെ സഹായിക്കാൻ സർക്കാർ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly